بسم الله الرحمن الرحيم



# ഖുര്‍ആനോടുള്ള കടമ നിറവേറ്റുക

اَلَّذِيْنَ اٰتَيْنٰهُمُ الْكِتٰبَ يَتْلُوْنَهٗ حَقَّ تِلَاوَتِهٖ ؕ اُولٰٓئِكَ يُؤْمِنُوْنَ بِهٖ ؕ وَمَنْ يَّكْفُرْ بِهٖ فَاُولٰٓئِكَ هُمُ الْخٰسِرُوْنَ ﴿١٢٢﴾

**ക**ഴിഞ്ഞ ഖുത്വ്ബയില്‍ വിശുദ്ധഖുര്‍ആന്‍ ഉദ്ധരിച്ചുകൊണ്ട്, എന്തുകൊണ്ടാണ് പാശ്ചാത്യദേശത്ത് ഇസ്‌ലാമിന്നെതിരില്‍ ഇത്രമാത്രം വിദ്വേഷത്തിന്റേയും പരിഹാസത്തിന്റേയും അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് ഞാന്‍ പറഞ്ഞിരുന്നു. ഇസ്‌ലാമിനെ വിജയിപ്പിക്കുമെന്നും വിശുദ്ധഖുര്‍ആന്‍ സംരക്ഷിക്കുമെന്നും അല്ലാഹുവിന്റെ വാഗ്ദാനമുണ്ടെന്നും പറഞ്ഞിരുന്നു. ഇവരുടെ ഈ നിന്ദ്യമായ ആക്രമണങ്ങള്‍ക്ക് ഇസ്‌ലാമിന് എന്തെങ്കിലും ക്ഷതം വരുത്താനോ, ഈ പരിപൂര്‍ണ്ണമായ ഗ്രന്ഥത്തിന്റെ സൗന്ദര്യത്തിന് മങ്ങലേല്‍പിക്കാനോ സാധിക്കുകയില്ല എന്ന കാര്യത്തില്‍ സംശയമൊന്നുമില്ല. ഇവര്‍ എത്ര വേണമെങ്കിലും ശ്രമിച്ചുകൊള്ളട്ടെ. നേരിട്ട് വന്ന് ആക്രമിക്കുന്നവരുടേയും അല്ലെങ്കില്‍ പിന്നില്‍നിന്ന് ഇവരെ സഹായിക്കുന്നവരുടേയും ഇസ്‌ലാമിന്നെതിരിലുള്ള പകയുടേയും വിദ്വേഷത്തിന്റേയും പ്രകടനമാണ് നടന്നുകൊണ്ടിരിക്കുന്നത്. എന്തായാലും ഇസ്‌ലാംവിരുദ്ധര്‍ ഈ പ്രവൃത്തി ചെയ്തുകൊണ്ടേയിരിക്കുന്നതാണ്. അതുകൊണ്ടാണ് ഖുര്‍ആനെ സംരക്ഷിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത്. പക്ഷേ, ഇസ്‌ലാംവിരുദ്ധരുടെ ഇത്തരം പ്രവര്‍ത്തനങ്ങള്‍ ഉണ്ടാകുമ്പോള്‍, നമ്മുടെ പ്രതികരണം എന്തായിരിക്കണം. ശത്രുക്കളുടെ ആക്രമണത്തെ ചെറുക്കാന്‍ തയ്യാറാകുന്നതിനും കാലത്തിന്റെ ഇമാമിനോട് പ്രതിജ്ഞ ചെയ്തവരുടെ സൈന്യത്തില്‍ അംഗമാകുന്നതിനും, ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തെ നടപ്പാക്കുന്നവര്‍ക്കായി അല്ലാഹു നിശ്ചയിച്ചിട്ടുള്ള അനുഗ്രഹങ്ങള്‍ക്ക് അവകാശികളാകുന്നതിനും ഒരു അഹ്മദി മുസ്‌ലിമിന് തന്നിലുണ്ടാക്കേണ്ട പ്രത്യേകതയെന്താണ്?

അല്ലാഹു നമ്മളില്‍നിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്നും അല്ലാഹുവിന്റെ റസൂല്‍(സ) ഈ മനോഹരമായ അധ്യാപനത്തെക്കുറിച്ച് എന്താണ് പറയുന്നതെന്നും ആ മഹാത്മാവിന്റെ സത്യസന്ധനായ പ്രേമി ഈ സന്ദേശം നമുക്ക് വ്യക്തമാക്കിത്തന്നുകൊണ്ട് നമ്മളില്‍നിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്നുമുള്ള കുറച്ച് കാര്യങ്ങള്‍ ഞാന്‍ പറയുന്നതാണ്. വിഷയത്തിലേക്ക് കടക്കുന്നതിനു മുമ്പേ കഴിഞ്ഞദിവസം എന്റെ ദൃഷ്ടിയിലൂടെ കടന്നുപോയ ഒരു ഗ്രന്ഥത്തെക്കുറിച്ച് പറയാനാഗ്രഹിക്കുകയാണ്. ഗ്രന്ഥത്തിന്റെ പേര് 'വിമന്‍ ഇംബ്രെയ്സിംഗ് ഇസ്‌ലാം' എന്നാണ്. അതായത്, സ്ത്രീകള്‍ ഇസ്‌ലാം സ്വീകരിക്കുന്നു. തുടര്‍ന്ന് എന്തുകൊണ്ടാണ് ഇസ്‌ലാം സ്വീകരിക്കുന്നത് എന്നതിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നു. ഈ ഗ്രന്ഥം ഒരാള്‍ എഴുതിയതല്ല. 'കാരിന്‍വാന്‍ വുമണ്‍' ആണ് ഇത് എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ളത്. യഥാര്‍ത്ഥത്തില്‍ ഇത് വിവിധ ഗവേഷണങ്ങളുടെ ഫലമാണ്. ഹോളണ്ടിലെ നൈമേഘന്‍ യൂണിവേഴ്സിറ്റിയില്‍ നടന്ന ഒരു സമ്മേളനത്തില്‍ അവതരിപ്പിച്ച ഗവേഷണപ്രബന്ധമാണിത്. 2003-ലാണ് ഈ സമ്മേളനം നടന്നത്. അത് ഈ സ്ത്രീ പിന്നീട് എഡിറ്റ് ചെയ്യുകയും 2006-ല്‍ ഇത് ടെക്സാസ് യൂണിവേഴ്സിറ്റി പ്രസിദ്ധീകരിക്കുകയുമായിരുന്നു. ഞാന്‍ പറഞ്ഞതുപോലെ ഈ ഗ്രന്ഥത്തില്‍ പലരും പറഞ്ഞ സംഗതികളാണുള്ളത്. കഴിഞ്ഞ കുറച്ചുനാളുകളായി മതപരമായ കാര്യങ്ങളില്‍ ജനങ്ങള്‍ക്ക് താല്‍പര്യമുണ്ടാകാന്‍ തുടങ്ങിയിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടാണ് ഇതാരംഭിക്കുന്നത്. പിന്നീട് 2001 സെപ്തംബര്‍ 11-നുശേഷം ഇസ്‌ലാമിലേക്ക് ജനങ്ങളുടെ ശ്രദ്ധയുണ്ടാകാന്‍ തുടങ്ങിയിരിക്കുന്നു എന്നാണ് പറയുന്നത്. ഇസ്‌ലാംവിരുദ്ധ പാശ്ചാത്യ പാതിരിമാരുടെ പൊതുവായിട്ടുള്ള അഭിപ്രായമാണിതെന്നും പറഞ്ഞിട്ടുണ്ട്. നിരീശ്വരവാദികളുടെ അഭിപ്രായവുമുണ്ടിതില്‍. ലേഖകര്‍ എഴുതുന്നത്, ഇസ്‌ലാം സ്വീകരിക്കുന്നവര്‍ മനസ്സിലാക്കിയാലും ഇല്ലെങ്കിലും ഇതിന്റെ പിന്നില്‍ മതത്തേക്കാള്‍ കൂടുതലായിട്ടുള്ളത് രാഷ്ട്രീയ കാരണങ്ങളാണെന്നാണ്. എന്തായാലും ഇതവരുടെ ചിന്താഗതിയാണ്. രാഷ്ട്രീയ കാരണങ്ങളാണെന്ന് മനസ്സിലാക്കപ്പെടുമ്പോള്‍, അതിനെ തടയുന്നതിനായി മതത്തിന്റെ മറവില്‍ രാഷ്ട്രീയവും രാഷ്ട്രീയത്തിന്റെ മറവില്‍ മതപരമായ ശക്തിയും പ്രവര്‍ത്തിക്കുമെന്നത് വ്യക്തമാണ്. ഒരു രസകരമായ കാര്യം ഇതിലെഴുതിയിട്ടുള്ളത്, അമേരിക്കയില്‍ വന്ന ആദ്യത്തെ മുസ്‌ലിം മിഷണറി അഹ്മദിയായിരുന്നുവെന്നതാണ്. ഇവരെഴുതുന്നത്, ഈ മിഷണറി ഇവിടെ വന്നത് ക്രിസ്തീയ മിഷണറിമാര്‍ ഇന്ത്യയില്‍ നടത്തുന്ന പ്രബോധന പ്രവൃത്തികളെ തടയുന്നതിനായിരുന്നു എന്നാണ്. ഇതിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം, ഹിജ്റത്ത് ചെയ്ത് അമേരിക്കയില്‍ വന്നിട്ടുള്ള മുസ്‌ലിംകള്‍ക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയായിരുന്നുവെന്നും ഇടയ്ക്ക്

ഇവർ തങ്ങളുടേതായ നിലയിൽ ചേർത്തിട്ടുണ്ട്. ഇതിനുവേണ്ടി അഹ്മദികൾ വെള്ളക്കാരായ അമേരിക്കക്കാരെ മതപരിവർത്തനം ചെയ്യിക്കാൻ ശ്രമിച്ചു. ഇസ്‌ലാമിൽ കൊണ്ടുവരാൻ ശ്രമിച്ചു. പക്ഷേ, കുറച്ചാളുകളെ മാത്രമേ തങ്ങളിൽ ചേർക്കാൻ അവർക്ക് സാധിച്ചുള്ളൂ. പിന്നീടെഴുതുന്നു, ഹിജ്റത്ത് ചെയ്തുവന്ന മുസ്‌ലിംകളെ അമേരിക്കയിൽ പാർപ്പിച്ചുകൊണ്ട് തങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ അഹ്മദികൾ ശ്രമിച്ചുവെങ്കിലും അവർ അഹ്മദികളെ പുറത്താക്കുകയാണ് ചെയ്തത്. അവസാനം, തങ്ങളുടെ ശ്രമം വിജയിക്കണമെങ്കിൽ ആഫ്രോ-അമേരിക്കക്കാർക്കിടയിൽ പ്രബോധനം നടത്തണമെന്ന് അഹ്മദികൾ ചിന്തിച്ചു; നിങ്ങൾക്കൊരു സ്ഥാനമുണ്ടെന്നും, അത് മുസ്‌ലിമായെങ്കിലേ കിട്ടുകയുള്ളൂവെന്നും, നിങ്ങളുടെ വേര് ചെന്നു നില്ക്കുന്നത് മുസ്‌ലിംകളിലാണെന്നും, നിങ്ങളെ ക്രിസ്ത്യാനികൾ ബലം പ്രയോഗിച്ച് ക്രിസ്ത്യാനികളാക്കിയതാണെന്നും, നിങ്ങളോട് അക്രമം ചെയ്തുവെന്നും, സമാവകാശം വാങ്ങാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ ഇസ്‌ലാമിൽനിന്നേ നിങ്ങൾക്കത് കിട്ടുകയുള്ളൂവെന്നുമൊക്കെ പ്രചാരണം നടത്താൻ അഹ്മദികൾ തീരുമാനിച്ചു. ഇപ്രകാരം ആഫ്രിക്കക്കാരും അമേരിക്കക്കാരും ആഫ്രിക്കൻ മുസ്‌ലിംകളും സംഘടിച്ചാൽ ഒരു ശക്തിയായിത്തീരും. ഈ രീതിയിൽ അഹ്മദികൾ പ്രബോധനം നടത്തി. അഹ്മദികളുടെ ഈ പ്രവർത്തന ശൈലിയിൽനിന്ന് മറ്റു മുസ്‌ലിം രഷ്ട്രങ്ങളും ഫലമെടുത്തു. ഇങ്ങനെ ദ്രുതഗതിയിൽ ഇസ്‌ലാം ആഫ്രോ-അമേരിക്കക്കാരിൽ വ്യാപിച്ചു. അല്ലെങ്കിൽ ഇന്നേവരെ വ്യാപിച്ചുകൊണ്ടിരിക്കുന്നു. അംഗസംഖ്യയിൽ ഇസ്‌ലാം സ്വീകരിക്കുന്നതിൽ രണ്ടാമതായി നില്ക്കുന്നത് വെള്ളക്കാരായ അമേരിക്കൻസ്ത്രീകളാണ്. എന്തായാലും ജമാഅത്തിനെക്കുറിച്ച് വാലും തലയും മുറിച്ച് കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽനിന്നുതന്നെ അവർ കാര്യങ്ങൾ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് മനസ്സിലാക്കാൻ കഴിയും.... കാരണം ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽനിന്ന് മനസ്സിലാകുന്നത് എല്ലാ അറിവുകളും ഇവരുടെ പക്കൽ പൂർണ്ണമായിട്ടും ഉണ്ടെന്നാണ്. പക്ഷേ, വിവരണം ശരിയായ നിലയിലല്ല. ഈ ഗ്രന്ഥത്തിലൊരിടത്ത്, പുതിയതായി ചേരുന്നവരിൽപെട്ട ഒരു വെള്ളക്കാരിയോടു എന്തിനാണ് മുസ്‌ലിമായതെന്ന് ചോദിച്ച സംഭവം പറയുന്നുണ്ട്. അവർ മറുപടി നല്കി, കലിമ ചൊല്ലിക്കൊണ്ട് മുസ്‌ലിമാകുമ്പോൾ, മനുഷ്യൻ പിറന്നുവീണ കുഞ്ഞിനെപോലെ പാപരഹിതനായിത്തീരുന്നു. പിന്നീട് സ്വർഗ്ഗത്തെക്കുറിച്ചുള്ള സങ്കല്പമാണ്, അതായത് അടുത്തലോകത്ത് പാപം പൊറുക്കപ്പെടും. കലിമ ചൊല്ലിയാൽ മനുഷ്യർ പാപരഹിതരാകുമെന്നതും, പാപം പൊറുക്കപ്പെടുമെന്നതുമായ കാര്യങ്ങൾ ഇസ്‌ലാംവിരുദ്ധശക്തികൾക്ക് സഹിക്കാൻ കഴിയുകയില്ല; പ്രത്യേകിച്ച് പാശ്ചാത്യർക്ക്. ഇതിൽനിന്ന്, പാപപരിഹാര സിദ്ധാന്തം തെറ്റാണോ എന്ന് ഒരു വിഭാഗം ആളുകൾ ചോദിക്കാൻ തുടങ്ങിയിരിക്കുന്നുവെന്നത് വ്യക്തമാണ്. മനുഷ്യൻ പാപരഹിതനായിത്തീരുമോ എന്നും, പരലോകത്ത് സ്വർഗ്ഗനരകങ്ങളുടെയും രക്ഷാശിക്ഷയുടെയും പ്രശ്നമുണ്ടോയെന്നും തങ്ങളുടെ പാപങ്ങളെ സംബന്ധിച്ച് വിചാരമുള്ളവർക്കേ ചിന്തിക്കാൻ കഴിയുകയുള്ളൂ. ഇത് ക്രിസ്തുമതത്തിന്റെ ഒരു അടിസ്ഥാനവാദത്തിനുള്ള മറുപടിയാണ്. ഇതും അവർക്ക് സഹിക്കാൻ കഴിയുകയില്ല. എന്തായാലും ഇപ്പോൾ നടന്നുവരുന്ന ഇസ്‌ലാമിന്റെ മേലുള്ള ആക്രമണം വളരെ ആസൂത്രിതമാണ്. ഒന്നുരണ്ട് കാര്യങ്ങൾ ഞാൻ ചുരുക്കിപ്പറഞ്ഞു. കാരണം ഈ ഗ്രന്ഥം വിവിധ പ്രബന്ധങ്ങളുടെ സമാഹാരമാണ്. അതുകൊണ്ട് ചിലർ ഇസ്‌ലാമിനെക്കുറിച്ച് ഇടയ്ക്ക് നല്ല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. ഇസ്‌ലാമിലേക്ക് ജനശ്രദ്ധ ആകർഷിക്കുന്ന ഇത്തരം കാര്യങ്ങൾ മുന്നിൽ വരുമ്പോൾ, ഇസ്‌ലാം വിരുദ്ധശക്തികൾ സംഘടിതരാവേണ്ടത് നിർബന്ധമായിരുന്നു. അതാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഇനി ഞാൻ ആരംഭത്തിൽ പറഞ്ഞ യഥാർത്ഥ വിഷയത്തിലേക്ക് വരികയാണ്. ഇത്തരം സാഹചര്യത്തിൽ ഒരു അഹ്മദിയുടെ പ്രവർത്തനരീതി എങ്ങനെയായിരിക്കണം? ഒന്നാമത്തെ കാര്യം, ഒരഹ്മദി ബയ്അത്ത് ചെയ്യുമ്പോൾ, താൻ ആത്മീയമായ പരിവർത്തനം ഉണ്ടാക്കുന്നതിനായി ഈ കാലഘട്ടത്തിലെ ഇമാമിന് ബയ്അത്ത് ചെയ്തിരിക്കുന്നുവെന്നാണ് പ്രതിജ്ഞ ചെയ്യുന്നത്. അപ്പോൾ, സ്വയംതന്നെ അല്ലാഹുവുമായിട്ടുള്ള ബന്ധം വർദ്ധിപ്പിക്കണമെന്ന ചിന്തയുണ്ടാകുന്നു. അത് അവന്റെ യഥാർത്ഥ ദാസനായിത്തീർന്നാൽ മാത്രമേ സാധിക്കുകയുള്ളൂ. അത് സാധ്യമാകുന്നത് ആരാധനയുടെ നിലവാരം മെച്ചപ്പെടുത്തുമ്പോഴാണ്.

രണ്ടാമത്തെ കാര്യം, വിശുദ്ധഖുർആന്റെ രൂപത്തിൽ അല്ലാഹു ഇറക്കിയിട്ടുള്ള അധ്യാപനങ്ങളിലേക്ക് ശ്രദ്ധിക്കലാണ്. ഇതുസംബന്ധമായി തന്റെ ഗ്രന്ഥത്തെ അതിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് പാരായണം ചെയ്യുക എന്ന് അല്ലാഹു പറയുന്നു. ഞാനോതിയ വചനത്തിൽ അല്ലാഹു പറയുന്നു. “നാം ഗ്രന്ഥം നല്കിയിട്ട് അതിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് അതിനെ പാരായണം ചെയ്യുന്നവരാരോ അവരാണ് യഥാർത്ഥത്തിൽ അതിൽ വിശ്വസിക്കുന്നത്. ആരെങ്കിലും അതിൽ അവിശ്വസിക്കുന്നുവെങ്കിൽ അവരത്രെ നഷ്ടകാരികൾ.” (2:122).

ഗ്രന്ഥം പാരായണം ചെയ്യുന്നതിനോടുള്ള കടമ എന്താണ്? വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ വിധിവിലക്കുകളിൽ ചിന്തിക്കുക എന്നതാണത്. ചെയ്യാൻ കല്പിച്ചിട്ടുള്ളത് ചെയ്യുക. ചെയ്യരുതെന്ന് പറഞ്ഞിട്ടുള്ളത് ചെയ്യാതിരിക്കുക. നബി(സ) തിരുമേനിയുടെ മുന്നിൽ യഹൂദിയും നസ്റാണിയും വാദിച്ചിരുന്നത് തങ്ങളുടെ പക്കലും ഗ്രന്ഥമുണ്ടെന്നായിരുന്നു. മുസ്‌ലിംകൾ തങ്ങൾ പറയുന്നത് അംഗീകരിക്കണമെന്ന് അവർ

ആഗ്രഹിച്ചിരുന്നു. നിങ്ങളുടെ കൈയിലിരിക്കുന്ന ഗ്രന്ഥം സത്യമെന്ന് പറയാൻ യോഗ്യമല്ല എന്നു പറഞ്ഞു കൊണ്ട് യഹൂദികളുടെ വാദത്തെ അല്ലാഹു ഖണ്ഡിച്ചു. കാരണം നിങ്ങളുടെ കർമ്മം അതിനെതിരാണ്. നിങ്ങൾ ചിലതിനെ മറച്ചുവയ്ക്കുകയും ചിലതിനെ വെളിപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങളുടെ ഗ്രന്ഥത്തിന് ഇപ്പോൾ സന്മാർഗ്ഗം നല്കാൻ സാധ്യമല്ല. നബി (സ) തിരുമേനിയുടെ നിയോഗത്തിനുശേഷം, ആ മഹാത്മാവിന്നിറങ്ങിയ ഖുർആന് മാത്രമെ ജനങ്ങൾക്ക് സന്മാർഗ്ഗത്തിന്റെ പാത കാണിച്ചുകൊടുക്കാൻ സാധിക്കുകയുള്ളൂ. ഇതാണ് ഇനി ലോകത്ത് സന്മാർഗ്ഗം സ്ഥാപിക്കേണ്ടത്.

സ്വഹാബ (രിള്‌വാനുല്ലാഹി അലയ്ഹിം) ഇത് സ്ഥാപിച്ചുകാണിച്ചു. അവരുടെ ജീവിതം ഇതിനുള്ള യഥാർത്ഥ തെളിവാണ്. ഈ സത്യവിശ്വാസികളാണ് ഖുർആൻ പാരായണത്തിന്റെ കടമ നിറവേറ്റിയവർ. ഇവരാണ് വിശ്വാസികൾ എന്നു പറയപ്പെടുന്നത്. എന്തുകൊണ്ടെന്നാൽ, അല്ലാഹുതആല സത്യവിശ്വാസത്തെ സൽകർമ്മവുമായി ബന്ധിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് യഥാർത്ഥ സത്യവിശ്വാസി ഗ്രന്ഥപാരായണത്തോടുള്ള കടമ നിറവേറ്റുകയും സൽക്കർമ്മമനുഷ്ഠിക്കുകയും ചെയ്യുന്നു. അതിനാൽ ഖുർആൻ പാരായണത്തിനോടുള്ള കടമ നിറവേറ്റുന്നവർ സൽക്കർമ്മങ്ങളനുഷ്ഠിക്കുന്നവരാണ്. ഇത് ഇക്കാലഘട്ടത്തിൽ മുസ്‌ലിംകൾക്കുള്ള മുന്നറിയിപ്പുമാണ്; നിങ്ങൾ ഖുർആൻപാരായണം ചെയ്യുകയും എന്നാൽ, കിതാബിൽ പറഞ്ഞിട്ടുള്ള കല്പനകൾ പാലിക്കാതിരിക്കുകയുമാണെങ്കിൽ നിങ്ങളുടെ ഈമാൻ പൂർണ്ണമല്ല. വാഗ്ദത്തമസീഹിന്റെ ഇക്കാലഘട്ടത്തിലെ അവസ്ഥകളെക്കുറിച്ച് നബി(സ) മുന്നറിയിപ്പ് നല്കിയിരിക്കുന്ന വിവരം എല്ലാവർക്കും അറിയുന്നതാണ്. ഹദീഥുകളിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇത്തരം അവസ്ഥയിലാണ് വാഗ്ദത്ത മസീഹ് വെളിപ്പെടേണ്ടിയിരുന്നതും. ഖുർആൻപാരായണത്തിന്റെ കടമകൾ നിറവേറ്റുന്നവർ, ഇക്കാലഘട്ടത്തിൽ ആ മഹ്ദിയുടെ ജമാഅത്തിൽ ചേർന്നുകൊണ്ട്, ഖുർആന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരായിരിക്കും. അതുകൊണ്ട് ഓരോ അഹ്മദിയുടെയും ചുമതലയാണിത്. അവർ ആത്മപരിശോധന നടത്തുക. അല്ലാഹു വിശുദ്ധഖുർആനിൽ നമുക്ക് നല്കിയിരിക്കുന്ന കല്പനകൾ എത്രത്തോളം നാം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നുണ്ടെന്ന് പരിശോധിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(റ) പറയുന്നു: "ജനങ്ങൾ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ട്. എന്നാൽ, ചിന്തിക്കുകയോ ആലോചിക്കുകയോ ചെയ്യാതെ തത്തയെപോലെയാണത് ഉരുവിടുന്നത്; പണ്ഡിത് തന്റെ പുസ്തകം വീണ്ടുവിചാരമില്ലാതെ വായിക്കുന്നതുപോലെ. സ്വയം ഒന്നും മനസ്സിലാക്കുന്നില്ല. കേൾക്കുന്നവർക്ക് ഒട്ടുമനസ്സിലാകുന്നുമില്ല. ഇപ്രകാരം മൂന്നോനാലോ ജുസു പാരായണം ചെയ്യുന്നു. പക്ഷേ, എന്താണ് പാരായണം ചെയ്തതെന്ന് മനസ്സിലാക്കുന്നില്ല. കൂടിയാൽ പാരായണ നിയമങ്ങൾ പാലിച്ച് പാരായണം ചെയ്തു. ഖാഫ്, അയ്ൻ എന്നീ അക്ഷരങ്ങളൊക്കെ വേണ്ടുംവിധം ഉച്ചരിച്ചു. വിശുദ്ധഖുർആൻ നല്ല നിലയിൽ സ്വരമാധുര്യത്തോടെ പാരായണം ചെയ്യുന്നതും ഒരു നല്ല കാര്യമാണ്. എന്നാൽ, വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം, അതിലെ യാഥാർത്ഥ്യങ്ങളെക്കുറിച്ചും തത്ത്വങ്ങളെക്കുറിച്ചും അറിവ് ലഭിക്കുക എന്നതാണ്. മനുഷ്യൻ ഒരു പരിവർത്തനം തന്റെ ഉള്ളിൽ ഉണ്ടാക്കലാണ്. ഓർമ്മിക്കുക, വിശുദ്ധഖുർആനിൽ ഒരു അത്ഭുതകരവും സത്യസന്ധവുമായ ഒരു തത്ത്വമുണ്ട്. ഇതിലൊരു വ്യവസ്ഥിതിയുണ്ട്. അതിനെ മനുഷ്യർ ആദരിക്കുന്നില്ല. വ്യവസ്ഥിതിയേയും ഖുർആന്റെ ക്രമത്തേയും മുന്നിൽ കാണാതിരിക്കുകയും, അതിൽ പൂർണ്ണമായും ചിന്തിക്കാതിരിക്കുകയും ചെയ്യുവോളം വിശുദ്ധഖുർആന്റെ പാരായണത്തിന്റെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കപ്പെടുകയില്ല."

ഇതാണ് ഗ്രന്ഥപാരായണത്തിനോടുള്ള കടമ. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശദീകരിച്ചു പറഞ്ഞിരിക്കുന്നു. ജമാഅത്തിൽ ശരിയായ നിലയിൽ ഖുർആൻ പാരായണം ചെയ്യപ്പെടുന്നില്ല എന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റ ഹ്) മനസ്സിലാക്കിക്കൊണ്ട്, എങ്ങനെ അത് പാരായണം ചെയ്യണമെന്നതിനെക്കുറിച്ച് നമ്മുടെ ശ്രദ്ധ ഒരിക്കൽ ക്ഷണിച്ചിരുന്നു. കാരണം, അകാരം ഇകാരം ഉകാരം സംബന്ധിച്ച ചില തെറ്റുകൾ ഉണ്ടാകുമായിരുന്നു. അത് തെറ്റായി ഉച്ചരിക്കുമ്പോൾ അർത്ഥത്തിനും മാറ്റം സംഭവിക്കും. ആശയവും വ്യക്തമാകുകയില്ല. അതുകൊണ്ടാണ് ശരിയായ ഉച്ചാരണശുദ്ധിയോടുകൂടി ഖുർആൻ പാരായണം ചെയ്യാൻ പറഞ്ഞത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിനുശേഷം, ജമാഅത്തിൽ ഈ ഭാഗത്തേക്ക് പ്രത്യേക ശ്രദ്ധയുണ്ടായി. എന്നാൽ, ഇപ്പോൾ ഖുർആന്റെ തർജമയിലേക്കും ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ശാഖാ സംഘടനകളും ഇതിനായി പ്രവർത്തിക്കണം. ജമാഅത്തും ഇതിനായി പ്രവർത്തിക്കേണ്ടതാണ്. ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ. അൻസാറുല്ലാഹ് ഇത് തുടങ്ങിക്കഴിഞ്ഞു. അത് പ്രയോജനപ്പെടുത്തേണ്ടതാണ്. ഇന്റർനെറ്റിലൂടെയാണ് ഇത് പഠിപ്പിക്കുന്നത്. കാരണം തർജമ മനസ്സിലാകുമ്പോഴാണ്, കല്പനകൾ എന്താണെന്ന് ശരിയായ നിലയിൽ മനസ്സിലാകുന്നത്. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് പറഞ്ഞതുപോലെ ചിന്തിക്കാനുള്ള ശീലമുണ്ടാകും. പ്രവർത്തനത്തിലേക്കും ശ്രദ്ധയുണ്ടാകും. ഇതാണ് ഖുർആൻ പാരായണത്തിനോടുള്ള കടമ. വിശുദ്ധഖുർആൻ എങ്ങനെ പാരായണം ചെയ്യണമെന്ന് ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. ചിന്തിച്ചും ആലോചിച്ചും

ശ്രദ്ധിച്ചും വിശുദ്ധഖുർആൻ പാരായണം ചെയ്യേണ്ട താണ്. ഹദീഥ് ശരീഫിൽ വന്നിരിക്കുന്നു, ***റുബ്ബ ഖാരിൻ യൽഅനുഹുൽ ഖുർആൻ*** വിശുദ്ധഖുർആൻ പാരായണം ചെയ്യുന്ന ഒരുപാടാളുകളുണ്ട്, പക്ഷേ, അവരിൽ വിശുദ്ധഖുർആൻ ശാപം ചൊരിയുന്നു. ഖുർആൻ പാരായണം ചെയ്യുകയും എന്നാൽ അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവരുടെമേൽ വിശുദ്ധഖുർആൻ ശാപം ചൊരിയുന്നു. പറഞ്ഞു: വിശുദ്ധഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുമ്പോൾ കാരുണ്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വചനങ്ങൾ ഓതുന്ന അവസരത്തിൽ അല്ലാഹുവിനോട് കാരുണ്യം തേടേണ്ടതാണ്. ഏതെങ്കിലും ജനതയുടെ നാശത്തെക്കുറിച്ചുള്ള വചനങ്ങൾ പാരായണം ചെയ്യുമ്പോൾ, അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് അവന്റെ മുമ്പിൽ അഭയത്തിനായി യാചിക്കേണ്ടതാണ്. ചിന്തിച്ചും ആലോചിച്ചും ശ്രദ്ധിച്ചും ഖുർആൻ പാരായണം ചെയ്യേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കുകയും വേണം."

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധഖുർആൻ ഓതേണ്ട രീതിയെക്കുറിച്ച് നമ്മോട് പറഞ്ഞതിങ്ങനെയാണ്. ഞാൻ പറഞ്ഞതുപോലെ, ഇതിന്റെ തർജമ അറിയുമ്പോഴാണ് ഇത് സാധ്യമാകുന്നത്. നല്ലവണ്ണം തിലാവത്ത് ചെയ്യുന്ന ഒരുപാടാളുകളുണ്ട്. ഹൃദയത്തെ അതാകർഷിക്കുന്നു. പക്ഷേ, മനസ്സിലാക്കി പാരായണം ചെയ്യാത്തിടത്തോളം സ്വരം നല്ലതായതുകൊണ്ട് അവർക്ക് അത് പ്രയോജനം ചെയ്യുകയില്ല. നല്ല ശബ്ദത്തിലുള്ള തിലാവത്ത് കേൾക്കുകയും, അർത്ഥം മനസ്സിലാക്കുകയും ചെയ്യുന്നവർക്കാണ് അത് ഫലം ചെയ്യുന്നത്. പ്രവചനങ്ങളെക്കുറിച്ച് കേൾക്കുകയും, തന്റെ കാലത്ത് അത് പുലരുന്നതായി കാണുകയും ചെയ്യുമ്പോൾ അല്ലാഹുവിനോട് നന്ദിയുള്ളവനായിത്തീരുന്നു. ഇക്കാലത്ത് പുലരാനുള്ള പ്രവചനം പുലരുന്നതായി കാണുമ്പോൾ കൂടുതൽ അവർ നന്ദി പ്രകടിപ്പിക്കുന്നു. ഏതൊരു മസീഹും മഹ്ദിയും വരുമെന്നാണോ നബി (സ) പ്രവചനം ചെയ്തിരുന്നത്, ഏതൊരു മസീഹിന്റെ കാലഘട്ടത്തിലാണോ വിശുദ്ധഖുർആന്റെ പ്രവചനങ്ങൾ പുലരേണ്ടിയിരുന്നത്, ആ മസീഹിനെ വിശ്വസിക്കാനും നമുക്ക് തൗഫീഖ് കിട്ടി.

പിന്നീട് ആധുനികമായ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളാണ്. അത് കാണുമ്പോഴും അല്ലാഹുവിന്റെ സ്തുതിയാൽ മനസ്സ് നിറയുന്നു. 14 നൂറ്റാണ്ട് മുമ്പേ അല്ലാഹു ഇക്കാര്യങ്ങൾ ഖുർആൻ മുഖേന നമ്മോട് പറഞ്ഞു. നബിമാരെ നിഷേധിച്ച മുൻകാല ജനതകൾ, ആ നിഷേധം കാരണത്താൽ അല്ലാഹു അവരോട് പെരുമാറിയത്, തുടങ്ങിയ കാര്യങ്ങൾ വിശുദ്ധഖുർആനിൽനിന്ന് മനസ്സിലാക്കുമ്പോൾ പൊറുക്കലിനെ തേടുന്നു. അല്ലാഹു നമ്മെ ആ അവസ്ഥയിൽനിന്ന് രക്ഷിച്ചിരിക്കുന്നു; തുടർന്നും രക്ഷിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എത്രയെത്ര അറിവുകൾ ലഭിക്കുമോ, അത്ര മാത്രം അല്ലാഹുവിന്റെ പൂർണ്ണഗ്രന്ഥത്തിലുള്ള വിശ്വാസത്തിനും ആക്കം കൂടിക്കൊണ്ടിരിക്കും. ഇക്കാര്യങ്ങളാണ് ഖുർആൻ പാരായണത്തോടുള്ള കടമ നിറവേറ്റുന്നതായിത്തീരുന്നത്. നബി (സ) ഇക്കാര്യത്തെക്കുറിച്ച് എന്താണ് ഉപദേശിക്കുന്നത്. സ്വഹാബിമാരിൽപെട്ട ഹദ്റത്ത് അബൂഉബയ്ദ് മലിക്കി(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "ഖുർആന്റെ അഹ്ലുകാരേ! ഖുർആൻ ഓതാതെ നിങ്ങൾ ഉറങ്ങരുത്. രാത്രിയും പകൽനേരത്തും, തിലാവത്ത് ചെയ്യേണ്ട കടമകളനുസരിച്ച് അത് തിലാവത്ത് ചെയ്യുക. അതിനെ പ്രചരിപ്പിക്കുക. അത് സ്വരമാധുര്യത്തോടെ പാരായണം ചെയ്യുക. അതിലെ വിഷയങ്ങളിൽ ചിന്തിക്കുക; നിങ്ങൾ വിജയിക്കുന്നതിനുവേണ്ടി."

മുകളിൽ പ്രസ്താവിച്ച ആയത്തിനെ സംബന്ധിച്ചുള്ള കൂടുതൽ വിശദീകരണവും നമുക്ക് ലഭിച്ചു. തിലാവത്തിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് ഈ വചനത്തിന്റെ അവസാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ നഷ്ടത്തിൽനിന്നു മാത്രമല്ല രക്ഷപ്പെടുന്നത്, മറിച്ച് വിജയികളായിട്ടുള്ളവരിൽ ഉൾപ്പെടുകയും ചെയ്യുന്നു. മറ്റൊരു നിവേദനത്തിൽ തിലാവത്തിനോടുള്ള കടമ നിറവേറ്റുന്നവരുടെ സ്ഥാനത്തെക്കുറിച്ചും എന്നല്ല ഒരു കുട്ടിക്ക് ഖുർആൻ പാരായണത്തിന് ശീലമുണ്ടാക്കിക്കൊടുത്ത അവന്റെ മാതാപിതാക്കളുടെ സ്ഥാനത്തെക്കുറിച്ചും പറയുന്നുണ്ട്. സഹ്ദ് ബിൻ മആദ് ജോഹന്നീ തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി(സ) പറഞ്ഞു: "ആരാണോ ഖുർആൻ ഓതുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തത്, അവന്റെ മാതാപിതാക്കളെ ഖിയാമത്തുന്നാൾ രണ്ട് തലപ്പാവ് അണിയിക്കുന്നതാണ്. അതിന്റെ വെളിച്ചം ഇവരുടെ ഇഹലോക ഭവനത്തിലുണ്ടായിരുന്ന സൂര്യപ്രകാശത്തേക്കാൾ അധികമായിരിക്കും. അവന്റെ മാതാപിതാക്കളുടെ ദർജ ഇതാകുമ്പോൾ, ഖുർആൻ അനുസരിച്ച് പ്രവർത്തിച്ച ആ വ്യക്തിയുടെ ദർജ എന്തായിരിക്കുമെന്ന് ചിന്തിച്ചുനോക്കുക."

അതിനാൽ മാതാപിതാക്കളും ഇത് ശ്രദ്ധിക്കേണ്ടതാണ്. കുട്ടികളെ ഖുർആൻ പഠിപ്പിക്കുന്ന മാതാപിതാക്കൾക്ക് കിട്ടുന്ന ബഹുമതിയാണിത്. അതുകൊണ്ട് നിങ്ങളുടെ മക്കളെ ഖുർആൻ പഠിപ്പിക്കാൻ ശ്രദ്ധിക്കുക. ഖുർആൻ പാരായണത്തിന് അവരിൽ ഒരു താൽപര്യവും ഉണ്ടാക്കുക.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: "വിശുദ്ധഖുർആൻ പാരായണം ചെയ്യുകയും അത് ഹൃദിസ്ഥമാക്കുകയും ചെയ്യുന്ന വ്യക്തി, വലിയ ആദരണീയരും സൽക്കർമ്മകാരികളുമായവരുടെ കൂടെയായിരിക്കും. വിശുദ്ധഖുർആൻ ഓതുകയും, അതിന്റെ അധ്യാപനങ്ങൾ നിറവേറ്റുന്നതിൽ ബദ്ധ

ശ്രദ്ധനാകുകയും ചെയ്യുന്നയാൾക്ക് രണ്ട് പ്രതിഫലമുണ്ട്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: തുരുമ്പു പിടിച്ച ഇരുമ്പ് പോളിഷ് ചെയ്യുന്നതുപോലെ തീർച്ചയായും ഹൃദയവും പോളിഷ് ചെയ്യപ്പെടുന്നു. അല്ലാഹുവിന്റെ റസൂലേ, അതെങ്ങനെയാണ് പോളിഷ് ചെയ്യേണ്ടത്? അതായത് ഹൃദയത്തെ എങ്ങനെയാണ് ശുദ്ധീകരിച്ചെടുക്കേണ്ടത്. നബി(സ) പറഞ്ഞു, മരണം അധികമായി ഓർമ്മിക്കുകയും വിശുദ്ധഖുർആൻ ഓതുകയും ചെയ്യുക.

മരണത്തെ ഓർക്കുമ്പോൾ അല്ലാഹുവിൽനിന്ന് മനുഷ്യൻ അശ്രദ്ധനാകുകയില്ല. രക്ഷാശിക്ഷയുടെ നാൾ വരേണ്ടതുണ്ടെന്ന് വിശ്വസിക്കുന്ന ഒരുവന് അല്ലാഹുവിനെ വിസ്മരിക്കാൻ കഴിയുകയില്ല. വിശുദ്ധഖുർആന്റെ പാരായണം, അതിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് ചെയ്യുമ്പോൾ നന്മ ചെയ്യാൻ ഭാഗ്യം കിട്ടുന്നു. ഒരു സത്യവിശ്വാസി, ഈ കടമ നിറവേറ്റുന്ന കാരണത്താൽ ഏറ്റവും നല്ല പ്രതിഫലത്തിന് അർഹനായിത്തീരുന്നു. പരലോകത്തും അവന് ഉന്നതമായ പ്രതിഫലം കിട്ടും. ശുദ്ധഹൃദയനായിക്കൊണ്ട്, അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റാൻ ഒരു സത്യവിശ്വാസി എപ്പോഴും ശ്രദ്ധിക്കുന്നു. നബി(സ) എങ്ങനെയാണ് വിശുദ്ധഖുർആൻ പാരായണം ചെയ്തിരുന്നത്. ഇത് വിശദീകരിക്കേണ്ടതും അത്യാവശ്യമാണ്. കാരണം ചിലയാളുകൾ വിശുദ്ധഖുർആൻ പെട്ടെന്ന് പെട്ടെന്ന് തീർക്കുന്നത് തന്റെ കഴിവായി മനസ്സിലാക്കുന്നു. നബി(സ) തിരുമേനിയുടെ രീതി ഇതിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. ഇത് സംബന്ധമായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഖത്താദ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: "ഞാൻ അനസ്(റ)നോട് നബി(സ)യുടെ ഖുർആൻ പാരായണത്തെ സംബന്ധിച്ച് ചോദിച്ചു. അദ്ദേഹം പറഞ്ഞു: നബി(സ) തിരുമേനി നിറുത്തി നിറുത്തി ഖുർആൻ പാരായണം ചെയ്യുമായിരുന്നു."

നബി(സ) പറഞ്ഞു: വിശുദ്ധഖുർആന്റെ വാക്കുകളിൽ അഗാധമായ ഹിക്മത്തുകളുടെ മുത്തുകൾ അടങ്ങിയിരിക്കുന്നു. ചിന്തിക്കുന്നവൻ ഓരോ പ്രാവശ്യവും അതിന്റെ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ പുതിയൊരു സൗന്ദര്യം ആ അധ്യാപനത്തിൽ കണ്ടെത്തുന്നു. നബി(സ)യേക്കാൾ അധികം ഖുർആന്റെ വാക്കുകളുടെ ആഴത്തിലേക്ക് ചെന്നെത്തുന്നവർ ആരുമില്ല. നബി(സ) നിറുത്തി നിറുത്തി അത് പാരായണം ചെയ്യുമ്പോൾ, ആ വാക്കുകളുടെ ഉദ്ദേശ്യങ്ങളുടെയും അർത്ഥങ്ങളുടെയും അതിന്റെ ആഴത്തിന്റെയും ഉന്നതമായ സ്ഥാനംവരെ എത്തുമായിരുന്നു. ആ മഹാത്മാവിന്റെ ഈ വാക്കുകൾ നമ്മോട് വിളിച്ചോതുന്നത് ഖുർആൻ നിറുത്തി നിറുത്തി സമാധാനത്തോടെ ഓതുക എന്നാണ്. ശ്രദ്ധിച്ചും ചിന്തിച്ചും ആലോചിച്ചും ഓതുക എന്നാണ്. ഇങ്ങനെ ഓതുന്നതിനായി നബി(സ) തന്റെ ഒരു സ്വഹാബിയെ ഉപദേശിച്ചിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നബി(സ) എന്നോട് പറഞ്ഞു. വിശുദ്ധഖുർആൻ ഒരുമാസം കൊണ്ട് പൂർത്തിയാക്കിക്കൊള്ളുക. അപ്പോൾ ഞാൻ പറഞ്ഞു: അതിനേക്കാൾ വേഗത്തിൽ തീർക്കാൻ എനിക്ക് കഴിവുള്ളതായി ഞാൻ കാണുന്നു. അപ്പോൾ നബി(സ) പറഞ്ഞു: എന്നാൽ ഒരാഴ്ചകൊണ്ട് പൂർത്തിയാക്കിക്കൊള്ളുക. അതിനു മുമ്പേ ഖുർആൻ ഓതി അവസാനിപ്പിക്കരുത്."

അതിനാൽ, കഴിവുണ്ടെങ്കിൽതന്നെയും ഒരാഴ്ചക്കു മുമ്പേ ഖുർആൻ ഓതിത്തീർക്കാൻ അനുവാദമില്ല. കാരണം അതിൽ ചിന്തിക്കാനും ആലോചിക്കാനും സാധിക്കുകയില്ല. പെട്ടെന്ന് പെട്ടെന്ന് ഓതിത്തീർക്കുക എന്നതല്ല ഉദ്ദേശ്യം. ഇതിൽനിന്ന് സ്വഹാബത്തിന്റെ ഖുർആൻ പാരായണ താൽപര്യവും മനസ്സിലാകുന്നുണ്ട്. അവരുടെ ദൃഷ്ടിയിൽ ഇതിന് എത്രമാത്രം പ്രാധാന്യമുണ്ടായിരുന്നു. നമ്മുടെ ഇക്കാലഘട്ടത്തിൽ വിശുദ്ധഖുർആന്റെ പ്രാധാന്യം അതിനേക്കാൾ കൂടുതലായിരിക്കുന്നു. കാരണം അവസ്ഥകൾ മാറിയിരിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ഞാൻ 'ഖുർആൻ' എന്ന പദത്തിൽ ചിന്തിച്ചു. ഈ അനുഗൃഹീത പദത്തിൽ പ്രബലമായൊരു പ്രവചനമുണ്ടെന്ന് അപ്പോൾ എനിക്ക് വ്യക്തമാക്കപ്പെട്ടു. അതിതാണ്, ഈ ഖുർആൻ മാത്രമാണ് വായിക്കാൻ യോഗ്യമായ ഗ്രന്ഥം. ഒരുകാലത്ത് ഇതായിരിക്കും ഏറ്റവും കൂടുതൽ പാരായണത്തിന് അർഹമായിട്ടുള്ള ഗ്രന്ഥം. മറ്റു ഗ്രന്ഥങ്ങളും അതിനോടൊപ്പം ചേർത്ത് വായിക്കപ്പെടുന്നതാണ്. ഇക്കാലത്ത് ഇസ്‌ലാമിന്റെ അഭിമാനം കാത്തുരക്ഷിക്കുന്നതിനും കളവിനെ ഉന്മൂലനം ചെയ്യുന്നതിനും ഈ ഗ്രന്ഥം മാത്രമായിരിക്കും പഠനാർഹം. മറ്റുള്ളതെല്ലാം ഉപേക്ഷിച്ചുകളയാനേ പറ്റുകയുള്ളൂ.

ഇതൊരു പ്രധാന കാര്യമാണ്. ഇത് ഓരോ അഹ്മദിയും ഓർമ്മവയ്ക്കേണ്ടതാണ്. ഇക്കാലഘട്ടത്തിൽ ഈ ഗ്രന്ഥം വായിക്കുന്നതുകൊണ്ട്, എതിരാളിയുടെ വായടപ്പിക്കാൻ കഴിയും. ഇതുതന്നെയാണ് ഇസ്‌ലാമിന്റെ അന്തസ്സിനെ കാത്തുസൂക്ഷിക്കാനുള്ള മാർഗ്ഗം. എന്നാൽ, ഇത് വായിച്ചാൽ മാത്രം മതിയോ? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ വളരെ വ്യക്തമാണ്. ഇസ്‌ലാമിന്റെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതിനും, കളവിനെ നിർമാർജ്ജനം ചെയ്യുന്നതിനും ഇതത്യാവശ്യമാണ്. അതായത് ഇസ്‌ലാമിന്റെ അന്തസ്സ് തെളിവുകൾകൊണ്ട് തെളിയിച്ചുകാണിക്കുക. എതിരാളികൾ ഇസ്‌ലാമിന്റെമേൽ പടച്ചുവിടുന്ന കളവുകളുടെ വേരുകൾ ഈ രീതിയിൽ പിഴുതെറിയപ്പെടുന്നതാണ്. ഈ രീതിയിലാണ് ഇസ്‌ലാമിന്റെ അന്തസ്സ് രക്ഷിക്കപ്പെടുന്നത്. കളവിന്റെ അന്ത്യം കുറിക്കുന്നത് നമ്മുടെ ഓരോ

കർമ്മത്തിലും ഈ അധ്യാപനത്തിന്റെ മുദ്ര പതിഞ്ഞു കാണുമ്പോഴാണ്. ഈ മുദ്ര പതിയുന്നത്, നമ്മൾ വിശുദ്ധഖുർആനിൽ ചിന്തിച്ചുകൊണ്ട് പതിവായിട്ട് അത് പാരായണം ചെയ്യുന്നവരായിത്തീരുമ്പോഴാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഖുർആനെ വിട്ടുകൊണ്ട് വിജയം വരിക്കുക എന്നത് അസംഭാവ്യമായ കാര്യമാണ്. അങ്ങനെ വിജയമുണ്ടാകുമെന്ന് ധരിക്കുന്നത് ഒരു വ്യാമോഹമാണ്. അതിന്റെ അന്വേഷണത്തിലാണ് ഇക്കൂട്ടരുള്ളത്. സ്വഹാബാക്കളുടെ ജീവിതത്തെ നിങ്ങളുടെ മുമ്പിൽ വയ്ക്കുക. നബി(സ) തിരുമേനിയെ അവർ പിൻപറ്റുകയും ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുകയും ചെയ്തപ്പോൾ, അല്ലാഹു അവരോടു ചെയ്ത എല്ലാ വാഗ്ദാനവും പൂർത്തിയായി. ആദ്യകാലങ്ങളിൽ എതിരാളികൾ അവരെ പരിഹസിച്ചിരുന്നു; സ്വതന്ത്രമായി വെളിയിലിറങ്ങി നടക്കാൻ കഴിയുമായിരുന്നില്ല. തങ്ങളാണ് രാജത്വം കിട്ടിയവർ എന്ന് വാദിച്ചിരുന്നു. പക്ഷേ, നബി(സ)യെ അനുസരിക്കുന്നതിൽ മുഴുകിക്കൊണ്ട്, നൂറ്റാണ്ടുകളായി അവർക്ക് ലഭിക്കാതിരുന്നത് അവർ നേടിയെടുത്തു.

നബി(സ)യോടുള്ള അനുസരണം എന്തായിരുന്നു? അത് നബി(സ)യുടെ മേൽ ഇറങ്ങിയ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കാനുള്ള പരിപൂർണ്ണ പരിശ്രമമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഏതൊരു പട്ടണത്തിലാണോ അവർക്ക് സ്വതന്ത്രമായി നടക്കാൻ കഴിയാതിരുന്നത്- ഒരു സന്ദർഭത്തിൽ അവർ അവിടെനിന്ന് പുറത്താക്കപ്പെടുകയും ചെയ്തിരുന്നു- ആ പരിപൂർണ്ണമായ അനുസരണവും ആ അധ്യാപനമനുസരിച്ചുള്ള പ്രവർത്തനവും കാരണത്താൽ ആ പട്ടണത്തിൽ വിജയശ്രീലാളിതരായി പിന്നീട് അമവർ പ്രവേശിച്ചു. ഇന്നും നമ്മുടെ വിജയങ്ങൾ, ആ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ടാണെന്ന കാര്യം ഓർമ്മിക്കേണ്ടതാണ്. ഇൻശാഅല്ലാഹ്.

സ്വരമാധുര്യത്തോടെ ഖുർആൻ പാരായണം ചെയ്യേണ്ടതിനെ സംബന്ധിച്ച് ഉപദേശിച്ചുകൊണ്ട് നബി(സ) പറയുന്നു. ഹദ്റത്ത് ബറാഅ്ബിൻ ആസിബ്(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "നിങ്ങളുടെ മനോഹരമായ ശബ്ദം കൊണ്ട് വിശുദ്ധഖുർആന്റെ സൗന്ദര്യത്തിന് മാറ്റുകൂട്ടുക. സ്വരമാധുര്യം വിശുദ്ധഖുർആന്റെ സൗന്ദര്യത്തിന് മാറ്റുകൂട്ടാൻ കാരണമായിത്തീരുന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് സംബന്ധമായി പറയുന്നു: വിശുദ്ധഖുർആൻ സ്വരമാധുര്യത്തോടെ പാരായണം ചെയ്യേണ്ടതാണ്. എന്നല്ല, സ്വരമാധുര്യത്തോടെ വിശുദ്ധഖുർആൻ പാരായണം ചെയ്യാത്തവൻ നമ്മളിൽപ്പെട്ടവനല്ല എന്നും താക്കീത് ചെയ്തിരിക്കുന്നു. ഇതിൽ സ്വയമേവ ഒരു സ്വാധീനശക്തിയുണ്ട്. നല്ല പ്രസംഗം സ്വരമാധുര്യത്തോടെ ചെയ്യുകയാണെങ്കിൽ അതിനും സ്വാധീനമുണ്ടാകുന്നു.

അല്ലാഹു സ്വാധീനശക്തി വെച്ചിട്ടുള്ള പട്ടണത്തെ ഇസ്‌ലാമിലേക്ക് ജനങ്ങളെ വലിച്ചുകൊണ്ടുവരുന്നതിനുള്ള ആയുധമാക്കേണ്ടതാണ്. അതിലെന്താണ് കുഴപ്പം. ഹദ്റത്ത് ദാവൂദിന്റെ സബൂർ ഗീതങ്ങളിലായിരുന്നു. അതിനെ കുറിച്ച് പറയുന്നത് ഹദ്റത്ത് ദാവൂദ് അല്ലാഹുവിനെ സ്തോത്രം ചെയ്യാറുണ്ടായിരുന്നപ്പോൾ, പർവ്വതവും അദ്ദേഹത്തോടൊപ്പം കരയുമായിരുന്നു എന്നാണ്. പക്ഷികളും സ്തോത്രം ചെയ്തിരുന്നുവെന്നാണ്. ഈ സ്വരമാധുര്യംകൊണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉദ്ദേശിക്കുന്നത് ഇസ്‌ലാമിക പ്രബോധനമാണ്.

സ്വരമാധുര്യം കേട്ട് ആകർഷിക്കപ്പെടുന്നവർക്ക് ഇസ്‌ലാമിനെക്കുറിച്ച് പറഞ്ഞുകൊടുക്കുക. ആരംഭത്തിൽ ഞാൻ പറഞ്ഞ ഗ്രന്ഥത്തിൽ മിക്ക സ്ത്രീകളും ഇത് തന്നെയാണ് പറഞ്ഞിരിക്കുന്നത്. അവരെങ്ങനെയാണ് ഇസ്‌ലാം സ്വീകരിച്ചത്? അവരത് കേട്ടു, അതിലെ അധ്യാപനം കണ്ടപ്പോൾ അവർക്കിഷ്ടപ്പെട്ടു. യഥാർത്ഥമായ അധ്യാപനവും, പ്രകൃതിക്കനുസരണമായുള്ള അധ്യാപനവും, സന്മാർഗ്ഗത്തിന്റെ വഴിയും വിശുദ്ധഖുർആനിലാണുള്ളത്. അത് പറയുന്നു: ***ഇന്ന ഹാദൽഖുർആന യഹ്ദീ ലില്ലത്തീ ഹിയ അഖ്‌വമു വയുബശ്ശിറുൽമുഅ്മിനീനല്ലദീന യഅ്മലൂന സ്സ്വാലിഹാത്തി അന്നലഹും അജ്റൻ കബീറാ***. തീർച്ചയായും ഈ ഖുർആൻ ഏറ്റവും നേരായ മാർഗ്ഗത്തിലേക്ക് വഴികാട്ടുകയും സൽക്കർമ്മം ചെയ്യുന്ന വിശ്വാസികൾക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു (17:10).

ഈ വിളംബരം അമുസ്‌ലിംകൾക്കും സത്യവിശ്വാസികൾക്കും വേണ്ടിയുള്ളതാണ്. ഇതിന്റെ മാർഗ്ഗദർശനവും ഉദ്ദേശ്യങ്ങളും വളരെ ഉന്നതമാണ്. ഈ ശരീഅത്ത് അഥവാ ധർമ്മശാസ്ത്രം എന്നെന്നേക്കും വേണ്ടിയുള്ളതാണ്. മുൻകഴിഞ്ഞ ഗ്രന്ഥങ്ങളെല്ലാം കാലികവും പരിമിതവുമായിരുന്നു. അവ പരിപൂർണ്ണമല്ലായിരുന്നു. പ്രകൃതിയ്ക്കനുസരിച്ചുള്ളതുമല്ലായിരുന്നു. സൽപ്രകൃതക്കാരായവർ ഇതിനെ സ്വീകരിച്ചത്, അല്ലാഹുവിന്റെ ഈ വിളംബരത്തിന്റെ സത്യതയ്ക്കുള്ള തെളിവാണ്.

ഈ സന്ദേശമാണ് മറ്റുള്ളവർക്കെല്ലാം നാം എത്തിച്ചുകൊടുക്കേണ്ടത്. വരുംകാലങ്ങളിൽ ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ കരസ്ഥമാക്കണമെങ്കിൽ ഈ ഖുർആന്റെ അധ്യാപനങ്ങൾ അനുസരിച്ച് മാത്രമെ സാധിക്കുകയുള്ളൂ. പിന്നീട് നിങ്ങളുടെ കർമ്മങ്ങൾ ഇതിനനുസരിച്ച് നിലനില്ക്കുവോളം, ഉന്നതമായ ഉദ്ദേശ്യം കരസ്ഥമാക്കാൻ ശ്രമിക്കുവോളം നിങ്ങളുടെ അനുഗ്രഹവും വർദ്ധിച്ചുകൊണ്ടേയിരിക്കുമെന്ന് സത്യവിശ്വാസികൾക്ക് സുവാർത്തയും നല്കുന്നു.

ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ, വിശുദ്ധഖുർആന്റെ പാരായണം ഓരോ സത്യവിശ്വാസിയുടെയും

സൽക്കർമ്മവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സ്വന്തം കർമ്മങ്ങൾ കാത്തുരക്ഷിച്ചുകൊണ്ടിരിക്കേണ്ടത് വലിയൊരു ഉത്തരവാദിത്തമാണ്. ഒരു മുസ്‌ലിമിനെ ഏല്പിച്ചിട്ടുള്ള കാര്യമാണിത്.

മുസ്‌ലിംകളിൽ ഈ ഉത്തരവാദിത്വമിട്ടിരിക്കുന്നു എന്നു മാത്രമല്ല, മറിച്ച് വരുംതലമുറയേയും ഇതിനെക്കുറിച്ച് അറിയിക്കേണ്ട ചുമതല ഏല്പിച്ചിരിക്കുന്നു.

ഞങ്ങൾക്ക് മുൻകഴിഞ്ഞ എല്ലാ ഗ്രന്ഥങ്ങളേക്കാളും ശ്രേഷ്ഠമായ ഗ്രന്ഥം നല്കപ്പെട്ടിരിക്കുന്നു എന്നതല്ല മറിച്ച്, ആ അധ്യാപനം തങ്ങളിൽ നടപ്പിലാക്കണമെന്ന ചിന്തയുണ്ടായിരിക്കണം. അത് സ്വന്തം ജീവിതത്തിൽ നടപ്പിലാക്കിക്കൊണ്ട് അതിന്റെ അനുഗ്രഹത്തിന് സ്വയം അർഹരായിത്തീരുക, തങ്ങളുടെ മക്കളിലും അത് നടപ്പിൽ വരുത്താൻ ശ്രമിക്കുക. അഹ്മദികൾ ഈ പ്രധാന കാര്യം മനസ്സിലാക്കുന്നില്ലെങ്കിൽ, ഖുർആനെ വിശ്വസിക്കുന്നവരാണെന്ന വാദവുമായി മാത്രം നടന്നാൽ- ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണി ഞാൻ കേൾപ്പിച്ചതുപോലെ- അത്തരം ഖുർആൻ പാരായണക്കാരുടെമേൽ ഖുർആൻ ശാപം ചൊരിയുന്നു. അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിന് സൽക്കർമ്മങ്ങളനുഷ്ഠിക്കേണ്ടത് നിർബന്ധമാണ്. വിശുദ്ധഖുർആന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. നമ്മൾ ഇതിൽ നിലനില്ക്കുവോളം, സന്മാർഗ്ഗത്തിന്റെ വഴി, സ്വയം പ്രാപിക്കുമെന്നു മാത്രമല്ല, മറ്റുള്ളവർക്കും ആ മാർഗ്ഗം കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഈ ഖുർആൻ വക്രതയൊട്ടും ഇല്ലാത്തവർക്ക് സന്മാർഗ്ഗം നല്കുന്നു. മനുഷ്യപ്രകൃതിയുമായി തികച്ചും ചേർന്നതാണിത്. വാസ്തവത്തിൽ വിശുദ്ധഖുർആന്റെ സവിശേഷഗുണങ്ങളിൽ ഒരു വലിയ ഗുണം, അത് ഒരു പൂർണ്ണവൃത്തമെന്നപോലെ ആദം സന്തതികളുടെ സകലശക്തികളേയും വലയം ചെയ്തുകൊണ്ടിരിക്കുന്നു. പ്രസ്തുത വചനത്തിൽ പറഞ്ഞ നേരായമാർഗ്ഗം കൊണ്ടുള്ള ഉദ്ദേശ്യം മനുഷ്യപ്രകൃതിയോടു ഏറ്റവും അടുത്തിരിക്കുന്ന വഴി, അതായത് ഏതൊരു പൂർണ്ണതയ്ക്കു വേണ്ടിയാണോ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ആ എല്ലാ പൂർണ്ണതകളുടേയും മാർഗ്ഗം അവന് കാണിച്ചുകൊടുക്കുകയും ഏതൊരു മാർഗ്ഗങ്ങൾ കരസ്ഥമാക്കാൻ വേണ്ടി അവന്റെ പ്രകൃതിയിൽ കഴിവുകൾ വെച്ചിട്ടുണ്ടോ ആ കഴിവുകളെ എളുപ്പവും സുഗമവും ആക്കിക്കൊടുക്കുകയും ചെയ്യുക. ***യഹ്ദീ ലില്ലത്തി*** എന്ന വചനത്തിലെ ***അഖ്‌വം*** എന്ന പദം കൊണ്ടുദ്ദേശിക്കുന്ന മാർഗ്ഗം ഇതാണ്."

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "വിശുദ്ധഖുർആൻ പുതിയൊരു അധ്യാപനം കൊണ്ടുവന്നിട്ടില്ല. മറിച്ച്, മനുഷ്യനിൽ വിവിധ കഴിവുകളുടെ രൂപത്തിൽ നിക്ഷേപിച്ചിട്ടുള്ള ആന്തരികമായ ശരീഅത്തിനെ ഓർമ്മിപ്പിക്കുകയാണ് അത് ചെയ്യുന്നത്. അറിവ്, ത്യാഗം, ധീരത, ക്ഷമ, കോപം, ആത്മസംതൃപ്തി തുടങ്ങിയവ. ചുരുക്കത്തിൽ മനുഷ്യപ്രകൃതിയിൽ വെച്ചിട്ടുള്ളതിനെ വിശുദ്ധഖുർആൻ ഓർമ്മപ്പെടുത്തി. ***ഫീ കിതാബിൻ മക്നൂൻ*** ഭദ്രമായി അടച്ചുസൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ എന്നു പറഞ്ഞപോലെ. അതിനെ എല്ലാവർക്കും കാണാൻ കഴിഞ്ഞിരുന്നില്ല. ഇതുപോലെ വായിക്കുന്നതിനുവേണ്ടിയുള്ള ഒരു ഗ്രന്ഥത്തിന്റെ പേര് ദിക്ർ എന്നു പറഞ്ഞിരിക്കുന്നു. അതായത്, മനുഷ്യന്റെ ഉള്ളിലുള്ള ആന്തരികവും ആത്മീയവുമായ ശക്തികളേയും ഹൃദയത്തിന്റെ പ്രകാശത്തേയും ഓർമ്മപ്പെടുത്താനാണത്. അങ്ങനെയാണ് അല്ലാഹു വിശുദ്ധഖുർആൻ അയച്ചുകൊണ്ട് സ്വയം ഒരു ആത്മീയമായ ദിവ്യാത്ഭുതം കാണിച്ചത്. മനുഷ്യൻ അവനറിഞ്ഞുകൂടാതിരുന്ന ദൈവികജ്ഞാനവും അദൃശ്യജ്ഞാനവും മനസ്സിലാക്കുന്നതിനുവേണ്ടി."

വിശുദ്ധഖുർആൻ ശ്രദ്ധിച്ചു പാരായണം ചെയ്യേണ്ടതിനേയും അതനുസരിച്ച് പ്രവർത്തിക്കുന്നതിനെയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധഖുർആന്റെ 700 കല്പനകളിൽ ഒരു ചെറിയ കല്പന പോലും അവഗണിക്കുന്നവൻ, മോക്ഷത്തിന്റെ മാർഗ്ഗം തന്റെ കൈകൊണ്ട് അടച്ചുകളയുകയാണ് ചെയ്യുന്നത്. യഥാർത്ഥവും പൂർണ്ണവുമായ മോക്ഷത്തിന്റെ മാർഗ്ഗങ്ങൾ, വിശുദ്ധഖുർആൻ തുറന്നുതന്നു. ബാക്കിയുള്ളതെല്ലാം അതിന്റെ ഛായയായിരുന്നു. അതുകൊണ്ട് നിങ്ങൾ വിശുദ്ധഖുർആൻ ശ്രദ്ധയോടെ പാരായണം ചെയ്യുക. അതിനെ അധികമായി സ്നേഹിക്കുക. മറ്റൊന്നിനോടൊന്നും നിങ്ങൾ കാണിക്കാത്ത സ്നേഹം അതിനോട് കാണിക്കുക. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ***അൽ ഖയ്റു കുല്ലുഹു ഫിൽ ഖുർആൻ***. എല്ലാതരം നന്മകളും വിശുദ്ധഖുർആനിലുണ്ട്. ഇക്കാര്യം സത്യമാണ്. അതിനുമേൽ മറ്റൊന്നിനെ മുന്തിക്കുന്നവരുടെമേൽ അഹോ കഷ്ടം! നിങ്ങളുടെ എല്ലാ വിജയവും മോക്ഷത്തിന്റെ ഉറവിടവും ഖുർആനിലാണ്. നിങ്ങളുടെ സകല ആവശ്യങ്ങളും വിശുദ്ധഖുർആനിലുണ്ട്. നിങ്ങളുടെ വിശ്വാസത്തിന് സാക്ഷി പറയുന്നതും നിങ്ങളെ നിഷേധിക്കുന്നതും ഖിയാമത്തുന്നാൾ ഖുർആനായിരിക്കും. നേരിട്ട് നിങ്ങൾക്ക് ഹിദായത്ത് നല്കുന്ന ഒരു ഗ്രന്ഥവും ഖുർആനല്ലാതെ ആകാശത്തിൻ കീഴിൽ ഇല്ല. അതായത് ഖുർആൻ കൂടാതെ ഒരു ഗ്രന്ഥത്തിനും നിങ്ങൾക്ക് മാർഗ്ഗദർശനം നല്കാൻ സാധിക്കുകയില്ല. ഖുർആൻ എന്ന മഹത്തായ ഗ്രന്ഥം നല്കിക്കൊണ്ട് അല്ലാഹു നിങ്ങളുടെമേൽ വളരെ ഔദാര്യം ചെയ്തിരിക്കുന്നു. ഞാൻ നിങ്ങളോട് സത്യമായും സത്യമായും പറയുന്നു, നിങ്ങളുടെമേൽ വായിക്കപ്പെട്ട ആ ഗ്രന്ഥം, ക്രിസ്ത്യാനികളുടെമേൽ വായിക്കപ്പെട്ടിരുന്നുവെങ്കിൽ അവർ നശിക്കുമായിരുന്നില്ല. നിങ്ങൾക്ക് നല്കപ്പെട്ട ഈ അനുഗ്രഹങ്ങളും മാർഗ്ഗദർശ

നങ്ങളും തൗറാത്തിനു പകരം യഹൂദികൾക്ക് കൊടുത്തിരുന്നുവെങ്കിൽ അവരിലെ ചില കക്ഷികൾ ഖിയാമത്തിനെ നിഷേധിക്കുമായിരുന്നില്ല. അതുകൊണ്ട് നിങ്ങൾക്ക് നല്കപ്പെട്ട ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയപ്പെട്ട അനുഗ്രഹമാണ്. വലിയ സമ്പത്താണ്. ഖുർആൻ വന്നിട്ടില്ലായിരുന്നെങ്കിൽ, ലോകം മുഴുവൻ ജീർണ്ണിച്ച ശവം പോലെയാകുമായിരുന്നു. ഇതിന്നെതിരിലുള്ള എല്ലാ മാർഗ്ഗദർശനങ്ങളും നിഷ്ഫലമാണ്."

ഒരു അഹ്മദിയിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രതീക്ഷിക്കുന്ന കാര്യങ്ങളാണിത്. വിശുദ്ധഖുർആന്റെ എല്ലാ കല്പനകളും അനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശ്രമമാണ് നമുക്ക് മോക്ഷത്തിന്റെ മാർഗ്ഗം കാണിച്ചുതരുന്നത്. ഇതിനുവേണ്ടി അത്യുത്സാഹത്തോടെ, നമ്മളിലോരോരുത്തരും ശ്രമിക്കേണ്ടതാണ്. തഖ്വയുടെ വഴി അന്വേഷിക്കുന്നതിനുവേണ്ടിയാണ് നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിട്ടുള്ളത് എന്നു പറയുമ്പോൾ, ആ വഴി നമുക്ക് കിട്ടുന്നത് നബി (സ)യുടെ സ്വഹാബിമാർ നടന്ന വഴിയിലൂടെ നടക്കുമ്പോഴായിരിക്കും. ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചുകൊണ്ട്, ലോകത്ത് ഒരു പരിശുദ്ധമാറ്റം വരുത്തുമെന്നാണ് നമ്മുടെ വാദമെങ്കിൽ, ഏറ്റവും ആദ്യം നാം നമ്മളിൽ മാറ്റമുണ്ടാക്കേണ്ടതായി വരും. നമ്മുടെ മക്കളിൽ മാറ്റം ഉണ്ടാക്കേണ്ടതായിവരും. നമ്മുടെ പരിസരവാസികൾക്ക് ഈ പ്രകാശമയമായ അധ്യാപനം പറഞ്ഞുകൊടുക്കേണ്ടതായിവരും. ഈ അധ്യാപനങ്ങളെ വളച്ചൊടിച്ച് ഇസ്ലാമിന്റേമേൽ ആക്ഷേപം ഉന്നയിക്കുന്നവരുടെ വായ അടച്ചുപൂട്ടേണ്ടതായി വരും. ഇസ്ലാമിലേക്ക് ജനങ്ങൾ എന്തുകൊണ്ട് ആകൃഷ്ടരാകുന്നു എന്നുള്ള ചിന്തയിലാണവർ. ഇതിനെക്കുറിച്ച് പഠിക്കാൻ ലോകത്ത് പണം ചെലവഴിക്കപ്പെടുന്നു; ഇസ്ലാമിന്റെ സത്യത അന്വേഷിക്കാൻ ഇവർ ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അതവരുടെ തെറ്റായ ധാരണയാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഇസ്ലാം വിരുദ്ധ ഭരണകൂടങ്ങളെ ഉണർത്തുക എന്നതാണ്. അതുകൊണ്ട് ഈ നടപടിയെ നിസ്സാരമായി കാണരുത്.

അതിനാൽ ഈ മഹത്തായ ദൈവവചനങ്ങളോടുള്ള കടമ നിറവേറ്റേണ്ടത് ഓരോ അഹ്മദിയുടെയും ചുമതലയാണ്. സ്വയം രക്ഷപ്പെടുകയും, ലോകത്തെ രക്ഷിക്കുകയും ചെയ്യുക. ഇസ്ലാമിലേക്ക് ശ്രദ്ധയുണ്ടാകുകയും, എന്നാൽ, അഹ്മദി ആകാതിരിക്കുകയും ചെയ്തിട്ടുള്ളവർ അധികപേരും യഥാർത്ഥ ഇസ്ലാമിനെ അന്വേഷിച്ച് അവസാനം അഹ്മദിയ്യത്തിന്റെ മടിത്തട്ടിൽ വരേണ്ടവരാണ്. അതിനായി ഓരോ അഹ്മദിയും തങ്ങളെ തയ്യാറാക്കി എടുക്കേണ്ടതാണ്.

ഇസ്ലാംവിരുദ്ധശക്തികൾ ഇന്ന് എല്ലാവിധത്തിലുള്ള വൃത്തികെട്ട മാർഗ്ഗങ്ങളും സ്വീകരിക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ്. വ്യർത്ഥമായ കാര്യങ്ങളുടെ വേലിയേറ്റമാണ് എങ്ങും സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് നമ്മുടെ ജോലി ആദ്യത്തെക്കാൾ കൂടുതലായി ഈ ദൈവഗ്രന്ഥം പാരായണം ചെയ്യലാണ്. അതിനെ മനസ്സിലാക്കുകയാണ്. ചിന്തിക്കുകയാണ്. ആദ്യത്തേക്കാൾ കൂടുതലായി ഈ ഗ്രന്ഥമിറക്കിയ അല്ലാഹുവിന്റെ മുമ്പിൽ കുനിയേണ്ടതാണ്; ഈ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങൾക്ക് അർഹരായിത്തീരുന്നതിനുവേണ്ടി. അല്ലാഹു നമ്മെയെല്ലാം അനുഗ്രഹിക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 7.3.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala